I/80881/2023

സംയോജിത ശിശു സംരക്ഷണ പദ്ധതി (മിഷന് വാത്സല്യ)

സ്റ്റേറ്റ് ചൈല്ഡ് പ്രൊട്ടക്ഷൻ സൊസൈറ്റി- മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ

(ഹാജർ: പ്രിയങ്ക .ജി .,IAS, ഡയറക്ടർ വനിതാ ശിശു വികസന വകുപ്പ് )

ഉത്തരവ് നം. DWCD/2562/2022 (1) - ICPS 4

തിരുവനന്തപുരം,
തീയതി. 11-02-2023

---

വിഷയം: വനിതാ ശിശു വികസന വകുപ്പ് - മിഷൻ വാത്സല്യ - ഇടുക്കി ചൈൽഡ് വെൽഫെയർ കമ്മറ്റി –നടപ്പ സാമ്പത്തിക വർഷത്തെ കെട്ടിട വാടക അനുവദിച്ചുത്തരവാകുന്നു.

പരാമർശം : 1.ഇടുക്കി DCPO യുടെ 17/05/2022 ലെ 1433/2021/DCPU/IDK നമ്പർ കത്ത്

2.കേന്ദ്ര സർക്കാർ ഉത്തരവ് CW-II-22/6/2022 -CW-II തീയതി:05/07/2022

വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതി ( മിഷൻ വാത്സല്യ ) യുടെ ജില്ലാ ഘടകമായ ഇടുക്കി ചൈൽഡ് വെൽഫെയർ കമ്മിറ്റി പ്രവർത്തിക്കുന്ന കെട്ടിടത്തിന്, 2019 മാർച്ച് മാസം മുതൽ പ്രതിമാസം 13,338/-രൂപ നിരക്കിൽ കെട്ടിട വാടക അനുവദിച്ചു നൽകണമെന്ന് ആവശ്യപ്പെട്ട് മേൽ പരാമർശം (1) പ്രകാരം ഇടുക്കി ജില്ലാ ശിശു സംരക്ഷണ ഓഫീസർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

നിലവിൽ ICPS ന്റെ (മിഷൻ വാത്സല്യ) മാർഗ്ഗ നിർദേശങ്ങൾ പരാമർശം (2) പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ആയത് പ്രകാരം ചൈൽഡ് വെൽഫെയർ കമ്മിറ്റിയ്ക്ക്, അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് ഇനത്തിൽ നടപ്പ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള 1,80,000/-രൂപയിൽ, നാളിതുവരെ അനുവദിച്ചതിൽ ശേഷിക്കുന്ന തുകയിൽ നിന്നും 11 മാസത്തേക്കുള്ള ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ കെട്ടിടവാടക അനുവദിക്കാവുന്നതാണ്.

മേൽ സാഹചര്യത്തിൽ, ഇടുക്കി ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ അപേക്ഷ പരിഗണിച്ച് ഇടുക്കി ചൈൽഡ് വെൽഫെയർ കമ്മിറ്റി പ്രവർത്തിക്കുന്ന കെട്ടിടത്തിന് 2022 ഏപ്രിൽ മാസം മുതൽ 2023 ഫെബ്രുവരി മാസം വരെയുള്ള 11 മാസത്തേയ്ക്ക് കെട്ടിട വാടകയായി പ്രതിമാസം 13,338/- രൂപ നിരക്കിൽ 11 മാസത്തേയ്ക്ക് ആകെ 1,46,718/-രൂപ (ഒരു ലക്ഷത്തി നാൽപത്തി ആറായിരത്തി ഏഴുന്നൂറ്റി പതിനെട്ട് രൂപ മാത്രം ) അനുവദിച്ചുത്തരവാകുന്നു.

1,46,718/-രൂപ (ഒരു ലക്ഷത്തി നാൽപത്തി ആറായിരത്തി ഏഴുന്നൂറ്റി പതിനെട്ട് രൂപ

I/80881/2023

മാത്രം ) സംയോജിത ശിശു സംരക്ഷണ പദ്ധതി Scheme Code KL 242 സ്കീംമിന്റെ വനിത ശിശു വികസന ഡയറക്ടറുടെ പേരിലുള്ള SNA അക്കൗണ്ട് ആയ IDBI Bank ന്റെ 0889104000111737 IFSC.Code.IBKL0000889 എന്ന അക്കൗണ്ടിലെ 1.31.3 (CWC Administrative Expense) കംപോണെ ന്റിൽ നിന്നും ഇടുക്കി ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെ സബ്സിഡറി അക്കൗണ്ടിലേക്കും, വനിതാ ശിശു വികസന ഓഫീസർ തുക ഇടുക്കി ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ സബ്സിഡറി അക്കൗണ്ടിലേക്കും അലോട്ട്മെൻറ് ആയി അനുവദിച്ച് നൽകേണ്ടതാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ അതാത് മാസങ്ങളിൽ വാടകയുടെ രസീത് വാങ്ങി ഓഫീസിൽ സൂക്ഷിക്കേണ്ടതും, Rs. 1,46,718/- രൂപയുടെ രസീത്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

വനിതാ ശിശു വികസന ഡയറക്ടർ

ജില്ലാ ശിശു സംരക്ഷണ ഓഫീസർ, ഇടുക്കി

<u>പകർപ്പ് :</u>

1. സൂപ്രണ്ട് A സെക്ഷൻ (PFMS)
2. ജില്ലാ വനിതാ ശിശു വികസന ഓഫീസർ, ഇടുക്കി
3. ICPS - 10
4. സ്റ്റോക്ക് ഫയൽ
5. വെബ് സൈറ്റ്

gned by Priyanka G
ate: 11-02-2023 12:20:40